File No. CT/15318/2019-P2

# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കിള്ളിപ്പാലം
കരമന , തിരുവനന്തപുരം
തീയതി 12/03/2021

## പത്രക്കുറിപ്പ്

### ജി .എസ് .റ്റി : ഏപ്രിൽ 1 മുതൽ 50 കോടിക്ക് മുകളിൽ ഇ- ഇൻവോയ്സിങ്

തിരുവനന്തപുരം: 50 കോടിക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള വ്യാപാരികളുടെ ബിസിനസ് ടു ബിസിനസ് വ്യാപാര ഇടപാടുകൾക്ക് 2021 ഏപ്രിൽ 1 മുതൽ ഇ - ഇൻവോയ്സിങ് നിർബന്ധമാക്കി. 2020 ഒക്ടോബർ 1 മുതൽ 500 കോടിക്ക്മുകളിൽ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്കും, 2021 ജനുവരി 1 മുതൽ 100 കോടിക്ക്മുകളിൽ വിറ്റുവരവുള്ള വ്യാപാരികൾക്കും ഇ-ഇൻവോയ്സിങ് നിർബന്ധമാക്കിയിരുന്നു. ഇ - ഇൻവോയ്സിങ് ബാധകമായ വ്യാപാരികൾ നികുതി ബാധ്യതയുള്ള ചരക്കുകൾക്ക് മാത്രമല്ല , സേവനങ്ങൾക്കും ഇ - ഇൻവോയ് സ് നൽകണം. വ്യാപാരി നൽകുന്ന ക്രെഡിറ്റ്/ ഡെബിറ്റ് നോട്ടുകൾക്കും ഇ - ഇൻവോയ് സിങ് ബാധകമാണ്.

ഇ - ഇൻവോയ് സ് ബാധ്യതയുള്ള വ്യാപാരികൾ ചരക്കുനീക്കം നടത്തുന്നതിന് മുൻപ് തന്നെ ഇ - ഇൻവോയ് സിങ് നടത്തണം .അതിനായി വ്യാപാരികൾ ജി.എസ്.ടി കോമൺ പോർട്ടൽ വഴിയോ അല്ലെങ്കിൽ ഇ -ഇൻവോയ് സ് രജിസ്ട്രേഷൻ പോർട്ടലായ https://einvoice1.gst.gov.in വഴിയോ ഇ - ഇൻവോയ് സ് രജിസ്ട്രേഷൻ എടുക്കണം . ഇ-വേബിൽ പോർട്ടലിൽ രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾക്ക് ഇ- വേബിൽ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ഇ- ഇൻവോയ് സിങ് പോർട്ടലിൽ ലോഗ് ഇൻ ചെയ്യാവുന്നതാണ്. എ.പി.ഐ ഇന്റഗ്രേഷൻ വഴിയോ ഓഫ്‌ലൈൻ ടൂൾ ഉപയോഗിച്ചോ വ്യാപാരികൾക്ക് ഇ- ഇൻവോയിസിങ് നടത്താം.

ഇ-ഇൻവോയ്സിങ് ബാധ്യതയുള്ള വ്യാപാരി ഇൻവോയ്സ് നല്കുന്നില്ലെങ്കിൽ സ്വീകർത്താവിന് ഇന്പുട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടാവില്ല. . ജി .എസ് .ടി ബാധകമല്ലാത്ത ചരക്കുകളുടെ കച്ചവടത്തിന് ഇ-ഇൻവോയിസിങ് ആവശ്യമില്ല. .

സെസ്സ് യൂണിറ്റുകൾ ,ഇൻഷുറൻസ് , നോൺ ബാങ്കിങ് ഫിനാൻഷ്യൽ കമ്പനികൾ അടക്കമുള്ള ബാങ്കിങ് മേഖല , ഗുഡ്സ് ട്രാൻസ്പോർട്ടിങ് ഏജൻസികൾ, , പാസഞ്ചർ ട്രാൻസ്പോർട് സർവീസ്, മൾട്ടിപ്ലെക്സ് സിനിമ അഡ്മിഷൻ , എന്നീ മേഖലകളെ ഇ- ഇൻവോയ്സിങ്ങിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

Sd/-

COMMISSIONER